I ഇ.ബി. XIII – കേരള നിയമസഭ/I-12

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂലൈ 14, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അനുശോചനം**

**മുംബൈ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള സഭയുടെ അനുശോചനം**

മി. സ്പീക്കർ: 13-07-2011-ന് സന്ധ്യയ്ക്ക് മുംബൈയിലുണ്ടായ ദാരുണ സംഭവത്തിൽ 21 പേർ കൊല്ലപ്പെടുകയും 150-ഓളം പേർക്ക് പരിക്കു പറ്റുകയും ചെയ്ത വാർത്ത അത്യന്തം വേദനാജനകമാണ്. ആസൂത്രിതമായ ആക്രമണത്തിലൂടെ ജനങ്ങളെ കൂട്ടക്കൊല ചെയ്ത് രാജ്യത്തെ ഭീതിയിലും അരക്ഷിതാവസ്ഥയിലും എത്തിക്കാനുള്ള ശ്രമങ്ങൾ തിരിച്ചറിഞ്ഞ് ഒറ്റക്കെട്ടായി എതിർക്കണം. ജീവൻ നഷ്ടപ്പെട്ടവരോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ശ്രമങ്ങൾക്ക് ഒരുമിച്ച് ശക്തിപകരുമെന്ന് പ്രതിജ്ഞ ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. രാജ്യത്തെ നടുക്കുന്ന ഇത്തരം

സംഭവങ്ങളിൽ മനുഷ്യ മന:സാക്ഷി ഒരുപോലെ ഉണരണം. അസമാധാനം സൃഷ്ടിച്ച് രാജ്യത്തെ ബലഹീനമാക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഇൻഡ്യൻ ജനത ഒറ്റക്കെട്ടായി പൊരുതണം. ഭീകര പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ തുടരുന്നതോടൊപ്പം ഭികരരെ ഒറ്റപ്പെടുത്താനും സാധിക്കണം. മുംബൈയിലെ ആക്രമണത്തിനിരയായവരിൽ മലയാളികൾ ഇല്ലെന്നാണ് ഔദ്യോഗിക റിപ്പോർട്ടെങ്കിലും അവിടത്തെ പത്രങ്ങളിൽ ഒരു മലയാളിയുടെ പേര് വന്നത് സംബന്ധിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പരിഭ്രാന്തിക്ക് അടിസ്ഥാനമില്ലെങ്കിലും സർക്കാർ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മലയാളികൾ അധികമായി താമസിക്കുന്ന മുംബൈയിലുണ്ടായ ഈ സംഭവത്തിൽ ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിക്കുന്നു. ഇത്തരം ആക്രമണങ്ങളിൽ ജനങ്ങളുടെ ഉൽകണ്ഠയും സംശയവും ദൂരീകരിക്കാനും ഭീകരാക്രമണത്തെ പ്രോൽസാഹിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിയമിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

**അടിയന്തിരപ്രമേയം**

## മാനേജുമെന്റ് സീറ്റുകളിലെ തലവരിപ്പണം

മി. സ്പീക്കർ: എം.ബി.ബി.എസ്. പ്രവേശനത്തിന് 50 ശതമാനം സീറ്റ് വിട്ടുനൽകാമെന്ന് സർക്കാരുമായി ധാരണയിലെത്തിയ കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശന

പരീക്ഷക്ക് മുമ്പുതന്നെ വിദ്യാർത്ഥികളിൽനിന്ന് ലക്ഷങ്ങൾ തലവരിപ്പണം വാങ്ങുന്നതായും മറ്റ് കോളേജുകളിലും ഇതുപോലെ തലവരിപ്പണം വാങ്ങിക്കൊണ്ടിരിക്കുന്നതായും പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, റ്റി.വി. രാജേഷ്, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എം.ബി.ബി.എസ്. പ്രവേശനത്തിന് 50 ശതമാനം സീറ്റുകൾ സർക്കാരിന് വിട്ടുനൽകാമെന്ന് 11 സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ധാരണയിലെത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാർ സ്വാശ്രയ മാനേജുമെന്റുകളുമായി ഉണ്ടാക്കിയ ധാരണകൾക്ക് വിരുദ്ധമായിട്ടൊന്നും ചെയ്തിട്ടില്ല. പലവട്ടം ചർച്ചകൾ നടത്തിയെങ്കിലും 4 മെഡിക്കൽ കോളേജുകളുമായി ധാരണയിൽ എത്താൻ കഴിഞ്ഞിട്ടില്ല. . ധാരണയിലെത്തിയ കോളേജുകൾ പ്രവേശനത്തിന് തലവരിപ്പണം വാങ്ങുന്നുണ്ടെന്ന പരാതി സർക്കാരിന് രേഖാമൂലം ലഭ്യമായിട്ടില്ല. സർക്കാരുമായുള്ള ധാരണയ്ക്ക് വിരുദ്ധമായി തലവരിപ്പണം വാങ്ങാൻ പാടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.എസ്. സുനിൽ കുമാർ: സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് മുഖ്യന്ത്രി വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ സാമൂഹ്യനീതി ഉറപ്പാക്കണമെന്ന സർക്കാർ നിലപാടിനോട് എല്ലാ രാഷ്ട്രീയ പാർട്ടികളും യോജിക്കുകയും തൽക്കാലം വിദ്യാർത്ഥിസമരം നിറുത്തി വയ്ക്കുകയും ചെയ്തു. ഹൈക്കോടതി അനുമതി നൽകിയതനുസരിച്ച്

കേരളത്തിലെ 11 സ്വാശ്രയ മെഡിക്കൽ കോളേജുകൾ നടത്തുന്ന പ്രവേശന പരീക്ഷ പ്രഹസനമാണ്. സ്വാശ്രയ മാനേജുമെന്റുകൾ നടത്തുന്ന പരീക്ഷകൾ സുതാര്യവും സത്യസന്ധവുമായിരിക്കണമെന്ന് ഉറപ്പുവരുത്തേണ്ട ഉത്തര വാദിത്തത്തിൽ നിന്ന് സർക്കാർ ഒഴിഞ്ഞുമാറുന്നത് ശരിയല്ല. സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട കോടതി വിധികളിൽ ക്രോസ്സ് സബ്സിഡി പാടില്ലെന്നല്ലാതെ മെറിറ്റ് മാനദണ്ഡം മറികടക്കണമെന്ന് പറഞ്ഞിട്ടില്ല. പതിനൊന്ന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ലക്ഷക്കണക്കിന് രൂപ തലവരിപ്പണം വാങ്ങി പ്രവേശന പരീക്ഷ നടത്തുന്നുവെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായി തകർക്കുന്ന നിലപാടുകളാണ് സ്വാശ്രയ കോളേജ് മാനേജുമെന്റുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്വാശ്രയ മേഖലയിൽ സർക്കാർ പാസ്സാക്കുന്ന നിയമങ്ങൾ പാലിക്കാൻ ക്രിസ്ത്യൻ മാനേജ്മെന്റുകൾ തയ്യാറാ കുന്നില്ലെന്നു മാത്രമല്ല നൂറ് ശതമാനം സീറ്റുകളിലും തലവരിപ്പണം വാങ്ങി പ്രവേശനം നടത്തിക്കൊണ്ടിരിക്കുകയുമാണ്. തലവരിപ്പണം അടയ്ക്കാത്ത വർക്ക് പ്രവേശന പരീക്ഷാ ഹാൾടിക്കറ്റുകൾ ലഭ്യമാകാത്ത സാഹചര്യം സംജാതമായിരിക്കുന്നു. തലവരിപ്പണത്തിനുള്ള തുക രക്ഷകർത്താക്കൾക്ക് എവിടെ നിന്ന് ലഭിക്കുന്നുവെന്നും മാനേജ്മെന്റുകൾ അത് എങ്ങനെ വിനിയോഗിക്കുന്നുവെന്നും അന്വേഷിക്കണം. പല സ്വാശ്രയ കോളേജുക ളിലും കോപ്പിയടിയും ഇന്റേണൽ അസസ്സ്മെന്റിൽ ക്രമവിരുദ്ധ നടപടികളും വ്യാപകമായിരിക്കുന്നതിനാൽ അന്വേഷണം നടത്തി ഉത്തരവാദികളായ വരുടെ പേരിൽ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പതിനൊന്ന് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി ഗവൺമെന്റ് നടത്തിയ ചർച്ചയിൽ 50 ശതമാനം സീറ്റുകളിലേക്ക് ഗവൺമെന്റ് മെറിറ്റിൽ പ്രവേശനം നടത്തണമെന്ന ധാരണയിലെത്തിയിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏഴ് കുട്ടികൾക്ക് 25,000 രൂപ ഫീസ് നൽകി പഠിക്കുവാനുള്ള അവസരമുണ്ടായിരുന്നത് ഇപ്പോൾ 20 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മാനേജ്മെന്റ് സീറ്റുകൾക്ക് അഞ്ചരലക്ഷം രൂപ വാർഷിക ഫീസും അഞ്ച് ലക്ഷം രൂപ പലിശരഹിത ഡെപ്പോസിറ്റും വാങ്ങാമെന്ന മുൻ ഗവൺമെന്റുമായുള്ള ധാരണയ്ക്ക് വിരുദ്ധമായി പുതിയ തീരുമാനമൊന്നും ഈ ഗവൺമെന്റ് എടുത്തിട്ടില്ല. ഇപ്രാവശ്യവും ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ സൂപ്പർവിഷനിൽ പ്രവേശന പരീക്ഷ നടത്താനുള്ള അനുമതി കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് സാമൂഹ്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. ഗവൺമെന്റുമായി സഹകരിക്കുന്നതിന് ഫീസ് വർദ്ധിപ്പിക്കണമെന്ന മാനേജുമെന്റുകളുടെ ആവശ്യം യാതൊരു കാരണവശാലും അനുവദിക്കുകയില്ല. കഴിഞ്ഞവർഷം ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പൊതുധാരണയുണ്ടാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. കൂടുതൽ തലവരിപ്പണം വാങ്ങാൻ ആരെയും അനുവദിച്ചിട്ടില്ല. തെറ്റിദ്ധാരണയുണ്ടാകുന്ന തരത്തിൽ സഭയിൽ പറയാൻ പാടില്ല. ഗവൺമെന്റ് നിശ്ചയിച്ചതിനെക്കാൾ കൂടുതൽ ഫീസോ തലവരിപ്പണമോ വാങ്ങിയിട്ടുണ്ടെന്ന പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് സ്വാശ്രയ മേഖലയിൽ കച്ചവടം

നടത്താൻ അനുവദിക്കില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വാശ്രയകോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച് മാനേജുമെന്റുകളുമായി നടത്തിയ ചർച്ചയിൽ ധാരണയിലെത്തുകയും ഇതിനൊരു ശാശ്വത പരിഹാര മുണ്ടാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തതാണ്. അടുത്ത വർഷം പ്രവേശനകാര്യത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സ്വാശ്രയ രംഗത്ത് നിലനിൽക്കുന്ന തെറ്റായ പ്രവണതയ്ക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഫീസിനു പുറമെ തലവരിപ്പണം വാങ്ങിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. അതിനു വേണ്ടി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് പ്രതിപക്ഷത്തിന്റെ കൂടി സഹകരണം ഉണ്ടാകണം.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു. )

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) <u>വികസന നയം</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കരുതലോടുകൂടിയ ഒരു വികസന നയം രൂപീകരിക്കണം. സംസ്ഥാനത്ത് മാതൃകാപരമായ വികസനത്തിന് വിദഗ്ദ്ധമായ ആസൂത്രണവും നിർവ്വഹണവും അനിവാര്യമാണ്. പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ പാളിപ്പോകുന്നത് തടയുന്നതിന് ഫലപ്രദവും വിപുലവുമായ സൗകര്യങ്ങൾ ഒരുക്കണം. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പദ്ധതികൾ കൃത്യമായി നടത്തുന്നതിന് വകുപ്പ്, നിയോജകമണ്ഡല തലങ്ങളിൽ സ്ഥിരംസമിതികൾ രൂപീകരിക്കണം. പദ്ധതികളുടെ കാലദൈർഘ്യത്തിലും പദ്ധതിത്തുകയിലും മാറ്റം വരുത്തുന്ന പ്രവണത അവസാനിപ്പിക്കണം. നിശ്ചിത കാലയളവിനുള്ളിൽ നിർവ്വഹണം പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും പൂർത്തിയാക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കേരളത്തിന്റെ വിഭവങ്ങളും ദീർഘകാല താത്പര്യങ്ങളും കണക്കിലെടുത്ത് ശാസ്ത്രീയമായ ഒരു വികസന നയം രൂപീകരിക്കണം. കേന്ദ്ര ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുവാൻ സംസ്ഥാനത്തിന് കഴിയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പദ്ധതി വിഹിതത്തിന്റെ 70 ശതമാനംപോലും ചെലവഴിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. നാടിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. സർക്കാർ നടപടി ക്രമങ്ങളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരി

ക്കണം. സമയബന്ധിതമായി ഫണ്ട് വിനിയോഗിച്ച് ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടത്തുന്നതിന് സ്ഥിരമായി എല്ലാ നിയോജകമണ്ഡലങ്ങളിലും വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എം.എൽ.എ.മാർ ചെയർമാൻമാരായിട്ടുള്ള മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമത യോടെ നടപ്പിലാക്കാനും ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനും പ്ളാനിംഗ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതാണ്. ജനാധിപത്യ ഭരണ സംവിധാനത്തിൽ വീഴ്ച വരുന്നതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥന്മാരേക്കാൾ പൊളിറ്റിക്കൽ ലീഡർഷിപ്പിനാണ്. റോഡ് വികസനത്തിനുള്ള പി.എം.ജി.എസ്.വൈ. ഫണ്ട് ഏറ്റവും കുറച്ച് വിനിയോഗിച്ച സംസ്ഥാനം കേരളമാണ്. കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതി നാവശ്യമായ ടെൻഡർ എക്സസ് കേരള ബഡ്ജറ്റിൽനിന്ന് കൊടുക്കുന്ന തിനെക്കുറിച്ച് ആലോചിക്കുന്നതാണ്. പല പ്രോജക്ടുകൾക്കും കേന്ദ്ര വിഹിതം വിനിയോഗിക്കാൻ സാധിക്കാതെവരുന്നതിന്റെ പ്രായോഗിക-സാങ്കേതിക പ്രശ്നങ്ങൾ കണ്ടുപിടിച്ച് പരിഹാരം കണ്ടെത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രം നടപ്പാക്കിയ റിസൾട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റ് സിസ്റ്റം കേരളത്തിലും നടപ്പാക്കും. നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്ലാൻ എക്സ്പെന്റിച്ചറിനെക്കുറിച്ചും പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുന്നതിനുള്ള ഒരു മോണിട്ടറിംഗ് സംവിധാനം പരീക്ഷണാർത്ഥം രൂപീകരിക്കുന്നതാണ്.

## (2) നാണ്യവിളകളുടെ വിലയിടിവ്

ശ്രീ. കെ.കെ. ജയചന്ദ്രൻ : ഏലം, തേയില എന്നീ നാണ്യവിളകളുടെ വിലയിടിവ് ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികളുടെ ജീവിതം ദു:സഹമാക്കിയിരിക്കുകയാണ്. കർഷകർക്ക് ഉല്പാദിപ്പിക്കുന്ന ഏലത്തിന് ന്യായമായ വില ലഭിക്കുന്നില്ല. ലോക മാർക്കറ്റിലും ഇന്റേണൽ മാർക്കറ്റിലും ഏലത്തിന് ഉയർന്ന വില ലഭിക്കുന്ന സ്ഥിതിവിശേഷം പരിശോധിക്കണം. ഓക്ഷനുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതി അവസാനിപ്പിക്കാൻ ക്രിയാത്മകമായ നടപടി സ്വീകരിണം. ഏലത്തിന് ന്യായമായ വില ലഭ്യമാക്കാനും കേരളത്തിൽനിന്ന് തമിഴ്നാട്ടിലേക്ക് വൻതോതിൽ ഏലം കള്ളക്കടത്ത് നടത്തുന്നത് അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തപ്രകാരം ഏലത്തിന് സ്ഥിരവില ലഭിക്കത്തക്കനിലയിൽ ഇടുക്കി പാക്കേജിൽ വിലസ്ഥിരതാ ഫണ്ട് രൂപീകരിക്കുകയും ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഏലം ബോർഡിന്റെ നേതൃത്വത്തിൽ അമുൽ കമ്പനിയുടെ സ്റ്റാളുകൾ വഴി ഏലയ്ക്ക വിറ്റഴിക്കുന്നതിനുള്ള ഒരു ടൈ അപ്പ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. ആവശ്യത്തിന് ചെറുകിട തേയില പ്രോസസ്സിംഗ് ഫാക്ടറികൾ സ്ഥാപിച്ച് ഈ മേഖലയിൽ ചെറുകിട കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വൻകിടക്കാരുടെ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കാനും ഗവൺമെന്റ് മുൻകയ്യെടുക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : നാണ്യവിളകളുടെ വിലയിടിവ് ഏലം, തേയില കർഷകരെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. കഴിഞ്ഞ കുറെ

വർഷങ്ങളായി ഏലത്തിന്റെ ലഭ്യതക്കുറവും വർദ്ധിച്ച ആവശ്യവും കണക്കിലെടുത്ത് ആഭ്യന്തര വിപണിയിൽ ഏലത്തിന്റെ വില കിലോക്ക് 1,000 രൂപ വരെ എത്തുകയും ഏലം കയറ്റുമതിയിൽ നേരിയ വർദ്ധനവുണ്ടാകുകയും ചെയ്തിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിലുള്ള വർദ്ധനവായിട്ടാണ് സ്പൈസസ് ബോർഡ് ഇതിനെ വിലയിരുത്തിയത്. കേരളത്തിൽ ഇപ്പോൾ ഏലത്തിന് കിലോക്ക് 650 രൂപ മുതൽ 700 രൂപ വരെ മാത്രമാണ് വില ലഭിക്കുന്നത്. ഇതിന്റെ ഗൗരവം മനസ്സിലാക്കി ഏലം കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കിയിലുള്ള സ്പൈസസ് പാർക്കിന്റെ വെയർഹൗസിൽ കർഷകർക്ക് മൂന്ന് മാസത്തേക്ക് വാടകയില്ലാതെ ഏലം സൂക്ഷിക്കുന്നതിനുള്ള അനുമതി നൽകാൻ തീരുമാനമെടുക്കുകയും കർഷകരുടെ പക്കലുള്ള സ്റ്റോക്കിന് ആനുപാതികമായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും വായ്പ ലഭ്യമാക്കുന്നതിന് സ്പൈസസ് ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഏലത്തിന്റെ വില സ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്ര നയമനുസരിച്ച് തേയിലയ്ക്ക് തറവില നിശ്ചയിക്കാൻ സാദ്ധ്യമല്ല. തേയില കൊളുന്തിന്റെ ഗുണനിലവാരമനുസരിച്ച് തെക്കേ ഇന്ത്യയിലെ ചെറുകിട തേയില കർഷകർക്ക് ന്യായമായ വില ലഭിക്കുന്നുണ്ട്. ഉല്പാദനക്ഷമതകൂടിയ ഏപ്രിൽ, ജൂൺ മാസങ്ങളിൽ ഗുണനിലവാരം കുറഞ്ഞ തേയില കൊളുന്തുകൾക്ക് വിലയിടിവ് നേരിടാറുണ്ട്. ചെറുകിട തേയില ഉല്പാദകർക്ക് ഉല്പാദനക്ഷമത കൂടിയ സീസണിൽ ന്യായവില ലഭ്യമാക്കുന്ന നടപടികൾ ടീ ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. ചെറുകിട തേയില പ്രോസസ്സിംഗ് ഫാക്ടറികൾ

സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അമുൽ കമ്പനികളുടെ സ്റ്റാളുകൾവഴി ഏലത്തിന്റെ വിപണനം വിപുലീകരിക്കാനുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

**സബ്മിഷൻ**

(1) <u>മുംബൈ ഭീകരാക്രമണം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങളും ആക്രമണങ്ങളും ഉണ്ടാകാതിരിക്കാൻ ജാഗരൂകമായ പ്രവർത്തനം ആവശ്യമാണ്. മുംബൈയിലേക്ക് ഉന്നതതല സംഘത്തെ അയച്ച് മലയാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മലയാളികളായ തീവ്രവാദികൾ ഉൾപ്പെട്ടിട്ടുള്ള വിവധ കേസുകൾ എൻ.ഐ.എ. അന്വേഷിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീവ്രവാദബന്ധമുണ്ടെന്നു പറയുന്ന കേസിലെ പ്രതിയായ ശ്രീ. ടോമിൻ തച്ചങ്കരിയെ ഈ സർക്കാർ സർവ്വീസിൽ തിരിച്ചുപ്രവേശിപ്പിച്ചിരിക്കുകയാണ്. സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് വിദേശത്ത് പോകുകയും തീവ്രവാദികളുമായി ബന്ധപ്പെടുകയും ചെയ്തുവെന്ന് അംബാസഡർ കേന്ദ്ര സർക്കാരിനെ അറിയിച്ചത് സംബന്ധിച്ചും എൻ.ഐ.എ. അന്വേഷണം നടത്തുന്ന സാഹചര്യത്തിൽ ടോമിൻ തച്ചങ്കരിയെ സർവ്വീസിൽ തിരിച്ചെടുത്ത നടപടി ജനങ്ങൾക്കിടയിൽ ആശങ്ക ഉണ്ടാക്കിയിരിക്കുകയാണ്. പാക്കിസ്ഥാനിൽ അച്ചടിച്ച കള്ളനോട്ട് കോഴിക്കോട് അതിർത്തിയിൽ നിന്നും പിടിച്ചെടുത്ത കേസ് അടിയന്തിരമായി എൻ.ഐ.എ.ക്ക് വിടുകയും കേസുമായി ബന്ധപ്പെട്ട ആരും സംസ്ഥാന ഭരണത്തിന്റെ തലപ്പത്ത് ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.

തീവ്രവാദ-ഭീകര പ്രവർത്തനം സംസ്ഥാനത്ത് ഒരു തരത്തിലും അനുവദിക്കില്ലെന്ന് ഉറപ്പുവരുത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 13-07-2011-ന് വൈകുന്നേരം മുംബൈയിലെ സാവേരി ബസാർ, ദാദർ, ഒപ്പേറ ഹൗസ് എന്നീ സ്ഥലങ്ങളിലുണ്ടായ സ്ഫോടന പരമ്പരകളിൽ 21 പേർ മരണപ്പെട്ടതായും നൂറിലധികം പേർക്ക് പരിക്കുപറ്റിയതായും റിപ്പോർട്ട് ചെയ്തിട്ടുള്ള പശ്ചാത്തലത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും അതീവ ജാഗ്രതാ നിർദ്ദേശം നൽകുകയും എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, ആരാധനാലയങ്ങൾ, പ്രധാനപ്പെട്ട കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ശക്തമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരക്കേറിയ സ്ഥലങ്ങളിൽ ബോംബ്-ഡോഗ് സ്ക്വാഡുകൾ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. മുൻകരുതൽ എന്ന നിലയിൽ എല്ലാ സ്ഥലങ്ങളിലും അതീവ ജാഗ്രത പുലർത്തുന്നുണ്ട്. സ്ഫോടനത്തിൽ ഒരു മലയാളി മരണപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞതിനെത്തുടർന്ന് ഗവൺമെന്റിന് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നുണ്ട്. ശ്രീ. ടോമിൻ തച്ചങ്കരിയുടെ സസ്പെൻഷന്റെ കാലാവധി 2011 ജൂലായ് 10-ാം തീയതി പൂർത്തിയായതിനെത്തുടർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനും ആഭ്യന്തര വകുപ്പ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തര വകുപ്പ്), ഡി.ജി.പി. എന്നിവർ അംഗങ്ങളുമായുള്ള അച്ചടക്ക പരിശോധന സമിതി പരിശോധിച്ച് ശുപാർശ ചെയ്തിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റിന് നിയമാനുസൃതം മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ശ്രീ. ടോമിൻ തച്ചങ്കരിയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിലും പോസ്റ്റിംഗ് നൽകിയിട്ടില്ല.

അദ്ദേഹത്തിന്റെ പേരിൽ പരാതി ലഭിച്ചാൽ പരിശോധിച്ച് ആവശ്യമെങ്കിൽ നടപടി കൈക്കൊള്ളുന്നതാണ്. കോഴിക്കോട് ജില്ലയിൽ പാകിസ്ഥാനിൽ നിന്നുള്ള കള്ളനോട്ടുകൾ വ്യാപകമാണെന്ന് പറഞ്ഞതുസംബന്ധിച്ചുള്ള വിവരങ്ങൾ നാളെ നൽകുന്നതാണ്.

## (2) കോഴിക്കോട് വിമാനത്താവളത്തിൽ എമിഗ്രേഷൻ ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. എൻ. ഷംസുദ്ദീൻ: യാത്രക്കാരുടെ എണ്ണത്തിനനുസരിച്ച് കോഴിക്കോട് വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കരിപ്പൂർ വിമാനത്താവളത്തിൽ നിന്നുള്ള യാത്രക്കാരുടെ എണ്ണം 2005-ലേതിൽ നിന്നും മൂന്നിരട്ടിയായി വർദ്ധിച്ചുവെങ്കിലും നിലവിൽ ആകെ 61 ജീവനക്കാരാണുള്ളത്. ജീവനക്കാരുടെ എണ്ണം 306 ആയി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടും നാളിതുവരെ തീരുമാനമാകാത്ത സാഹചര്യത്തിൽ എത്രയും പെട്ടെന്ന് അനുമതി വാങ്ങി ഏറ്റവും ന്യായമായ തീരുമാനമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി നെടുമ്പാശ്ശേരിയിൽ നിന്നും 12 എസ്.ഐ. മാരെ കരിപ്പൂർ വിമാനത്താവളത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

## (3) സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. ജി.എസ്. ജയലാൽ: നിലവിലുള്ള പ്രതിസന്ധികൾ പരിഹരിച്ച് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ, ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ജീവിതം സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും മില്ലിന്റെ പ്രവർത്തനം നിലച്ചിട്ടില്ല. നൂൽ, പഞ്ഞി എന്നിവയുടെ കാര്യത്തിൽ ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കൊല്ലം ജില്ലാ സഹകരണ മില്ലിന്റെ 10 ഏക്കറോളം സ്ഥലം വിൽപന നടത്തിയ പണം ഉപയോഗിച്ച് പ്രതിസന്ധി പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (4) കണ്ണൂർ വിമാനത്താവള നിർമ്മാണം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ, പരിസ്ഥിതി പഠനം, പ്രവാസികളുടെ ഷെയർ ഘടന എന്നിവ സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനുവേണ്ടി 783 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനും ഏറ്റെടുത്ത ഭൂമി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനിക്ക് കൈമാറുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ബോർഡ് പുനഃസംഘടിപ്പിക്കുകയും ആദ്യ ബോർഡ് യോഗത്തിൽ പദ്ധതിയുടെ ഡി.പി.അർ. തയ്യാറാക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയേയും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് CESS-നെയും ചുമതലപ്പെടുത്തുകയുണ്ടായി. ഡി.പി.ആർ. തയ്യാറാക്കു

ന്നതിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഒരു കോമ്പോസിറ്റ് ടീം രണ്ടാഴ്ചയ്ക്കുള്ളിൽ ഈ സ്ഥലം സന്ദർശിക്കുന്നതാണ്. സംസ്ഥാന സർക്കാരിൽനിന്നും ഇരുപത്തിയാറ് ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ഇരുപത്തിയഞ്ച് ശതമാനവും സ്വകാര്യ മേഖലയിൽനിന്ന് നാൽപ്പത്തിയൊൻപത് ശതമാനവും ഓഹരി സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമിയുടെ വില സർക്കാർ മൂലധനമായി നിക്ഷേപിക്കും. സ്വകാര്യമേഖലയിൽനിന്നും ഓഹരിക്കായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. വരുന്ന ആഗസ്റ്റ് മാസം 5-ാം തീയതി കണ്ണൂർ കളക്ടറേറ്റിൽവച്ച് ഈ പദ്ധതിയുടെ പുരോഗതി അവലോകനം നടത്താനും ഭാവി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. 2014-ഓടുകൂടി വിമാനത്താവള നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (5) <u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: എൻ.എച്ച് - 744-ഉം എം.സി. റോഡും സന്ധിക്കുന്ന കൊട്ടാരക്കര പുലമൺ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും പ്രസ്തുത റോഡുകൾക്ക് ബൈപ്പാസ് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>): എൻ.എച്ച്. ഡി.പി. ഫേസ് - 4 - ൽ ഉൾപ്പെടുത്തി ബി.ഒ.ടി. അടിസ്ഥാനത്തിൽ എൻ.എച്ച്. 208(744) വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൺസൾട്ടൻസി തയ്യാറാക്കിയ

ഫൈനൽ ഫീസിബിലിറ്റി റിപ്പോർട്ടിൽ കൊട്ടാരക്കര ബൈപ്പാസിന്റെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് കൊട്ടാരക്കര എൻ.എച്ച്. 208(744)-ൽ നിലവിലുള്ള ആർ.ഒ.ബി.യുടെ അപ്രോച്ച് റോഡിന് സമീപത്തുനിന്നും ആരംഭിച്ച് കൊട്ടാരക്കര ക്ലാസിക്കൽ ആർട്ട്സ് മ്യൂസിയ ത്തിന് സമീപം സന്ധിക്കുന്നു. ഈ ബൈപ്പാസ് സാധ്യമാകുന്നതോടുകൂടി കൊട്ടാരക്കര താലൂക്കിന്റെ ഗതാഗതക്കുരുക്ക് ഇല്ലാതാകും. അതുകൊണ്ട് റിംഗ്റോഡുകളുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

### (6) ജില്ലാ ആശുപത്രി വികസനം

ശ്രീ. സി. മമ്മൂട്ടി: തിരൂർ ജില്ലാ ആശുപത്രി വികസിപ്പിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തിരൂർ ജില്ലാ ആശുപത്രി 300 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആകെയുള്ള 21 ഡോക്ടർമാരുടെ തസ്തികകളിൽ നാലെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. എൻ.ആർ.എച്ച്.എം. വഴിയും അഡ്ഹോക് അറേഞ്ച്മെന്റിലും ഓരോ ഡോക്ടർമാർ അവിടെ ജോലി ചെയ്യുന്നുണ്ട്. മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., ഓർത്തോപീഡിക്സ്, സൈക്യാട്രി, അന സ്തേഷ്യ, ത്വക്രോഗം എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒ.പി. ബ്ലോക്ക്, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള ഐ.പി. വാർഡുകൾ, കെ. എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ്, ബ്ലഡ് ബാങ്ക്, എക്സ്റേ യൂണിറ്റ്, എഫ്.ഡബ്ല്യു. വാർഡ്, മോർച്ചറി എന്നീ കെട്ടിടങ്ങൾക്കുപുറമെ ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ഏഴ് നില കെട്ടിടത്തിന്റെ പണിയും നടന്നു വരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ താഴത്തെ നിലയുടെ പണി

പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. സഹായ ത്തോടെ നിലവിലുള്ള ഓപ്പറേഷൻ തീയേറ്ററിന്റെ റിനൊവേഷൻ പ്രവർത്തന ങ്ങൾ നടന്നുവരുന്നു. ഇവിടത്തെ ബ്ലഡ് ബാങ്ക് 24 മണിക്കൂറും ലബോറട്ട റിയും എക്സ്റേ യൂണിറ്റും ആറ് മണി വരെയും പ്രവർത്തിക്കുന്നുണ്ട്. പുതിയ ഒരു എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനും ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റാഫ് നഴ്സിന്റെ ഒഴിവിൽ നാല് പേരെ നിയമിച്ചിട്ടുണ്ട്.

## (7) ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത

ശ്രീമതി ഗീതാ ഗോപി: നാട്ടികയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നാട്ടിക യിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരു ടേയും മറ്റ് ജീവനക്കാരുടേയും നിലവിലുള്ള ഒഴിവുകൾ നികത്താനാവശ്യ മായ നടപടികൾ സ്വീകരിച്ചുവരുന്നു. ഡോക്ടർമാരുടെ ഒഴിവുകളിലെല്ലാം കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. സിവിൽ സർജൻ തസ്തിക പ്രൊമോഷൻ വഴി നികത്തുന്നതാണ്. അസിസ്റ്റന്റ് സർജൻമാർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## (8) പൈനാപ്പിൾ വികസന കോർപ്പറേഷൻ രൂപീകരണം

ശ്രീ. ജോസഫ് വാഴക്കൻ: പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വാഴക്കുളം കേന്ദ്രമാക്കി പൈനാപ്പിൾ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനും പൈനാപ്പിളിനെ കേരള

ത്തിന്റെ ഒഫിഷ്യൽ ഫ്രൂട്ടായി പ്രഖ്യാപിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): 2008-09-ലെ കണക്കനുസരിച്ച് കേരളത്തിൽ 10407 ഹെക്ടർ സ്ഥലത്താണ് പൈനാപ്പിൾ കൃഷിചെയ്യുന്നത്. പൈനാപ്പിൾ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നിലവിൽ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ സംസ്ക്കരണത്തിനായി നടുക്കരയിലും പുനലൂരിലും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഓരോ ഫാക്ടറിയും പൈനാപ്പിൾ വിപണന രംഗത്ത് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ ഹോർട്ടി കോർപ്പും പ്രവർത്തിക്കുന്നുണ്ട്. പൈനാപ്പിൾ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

### (9) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്

ശ്രീ. ഷാഫി പറമ്പിൽ: പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന പട്ടികജാതി-പട്ടികവിഭാഗ, മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ലംപ്സംഗ്രാന്റായി എൽ.പി. വിഭാഗം കുട്ടികൾക്ക് വളരെ പരിമിതമായ തുകയാണ് ഇപ്പോൾ നൽകിവരുന്നത്.

വിദ്യാഭ്യാസച്ചെലവിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഒന്നുമുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം സജീവമായി ആലോചിച്ചുവരികയാണ്.

### (10) ജാതിപ്പേര് രേഖപ്പെടുത്തിയ കാർഡ് നൽകിയ സംഭവം

ശ്രീ. കെ. അജിത്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സെന്റ് ആഗ്നസ് സ്കൂളിൽ ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം നേടിയ 82 വിദ്യാർത്ഥി കളുടെ കഴുത്തിൽ ജാതിപ്പേര് രേഖപ്പെടുത്തിയ പ്ലക്കാർഡ് തൂക്കി ക്ലാസ്സിൽ പ്രദർശിപ്പിച്ചതിനെതിരെ രക്ഷകർത്താക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെടുമെന്ന കാരണം പറഞ്ഞ് സ്കൂൾ മാനേജ്മെന്റ് പരാതി പിൻവലിക്കണമെന്ന് ആവശ്യപ്പെടു കയുണ്ടായി. ജാതിപ്പേര് പ്രദർശിപ്പിച്ചുകൊണ്ട് ക്ലാസ്സിലേക്ക് പ്രവേശിപ്പിച്ചത് വിദ്യാഭ്യാസ ചട്ടങ്ങൾക്കെതിരാണെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ അന്വേഷണ ത്തിൽ തെളിഞ്ഞ സാഹചര്യത്തിൽ മാനേജ്മെന്റിനെതിരെ ക്രിമിനൽ കേസ്സെടുക്കണം.

ശ്രീ. മോൻസ് ജോസഫ്: ഈ വിഷയത്തിൽ മുഴുവൻ ആളുകളും രാഷ്ട്രീയഭേദമെന്യേ ശക്തമായി പ്രതിഷേധിക്കുകയും അന്വേഷണം ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സർട്ടിഫിക്കറ്റുകളിൽ ജാതിയും മറ്റു വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിനുവേണ്ടി സ്കൂളിലെ ഒരു ടീച്ചർ ചെയ്തതാണെന്ന് സ്കൂൾ മാനേജ്മെന്റ് വെളിപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി യാഥാർത്ഥ്യം പുറത്തുകൊണ്ടു വരണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2011-12 വർഷത്തെ സ്കൂൾ പ്രവേശനത്തോടനുബന്ധിച്ച് കോട്ടയം ജില്ലയിലെ കടുത്തുരുത്തി മുട്ടിച്ചിറ സെന്റ് ആഗ്നസ് യു.പി. സ്കൂളിൽ ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ തിരിച്ചറിയൽ കാർഡുകളിൽ ജാതിപ്പേര് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ചെറിയ കുട്ടികളിൽ ജാതീയചിന്തയും വിവേചനവും വളർത്താൻ കാരണമാകുമെന്നതിനാൽ ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ സംഭവം ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും തുടർന്ന് സ്കൂളിന്റെ അംഗീകാരം റദ്ദാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ മാനേജർക്കും ഹെഡ്മിസ്ട്രസ്സിനും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. സംഭവത്തിൽ സ്കൂൾ മാനേജരും ഹെഡ്മിസ്ട്രസ്സും ഖേദം പ്രകടിപ്പിക്കുകയും രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകരുടെ യോഗം വിളിച്ചുചേർത്ത് സംഭവങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തുകയും യോഗത്തിൽ സ്കൂൾ അധികൃതരുടെ വിശദീകരണം അംഗീകരിച്ചതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലാ ഡിവൈ.എസ്.പി. ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നതായും മാനേജർ അറിയിച്ചിട്ടുണ്ട്. മാനേജർ സമർപ്പിച്ച മറുപടി വിശദമായി പരിശോധിച്ചശേഷം അന്തിമ നടപടി സ്വീകരിക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ നടന്ന സംഭവത്തിൽ

ദുരുദ്ദേശപരമായി ആരെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**(11) വൈസ്ചാൻസലർ നിയമനം**

ശ്രീ. ബാബു എം. പാലിശ്ശേരി: ചെറുതുരുത്തി കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയിൽ യോഗ്യതയില്ലാത്ത ആളെ വൈസ് ചാൻസലറായി നിയമിച്ച നടപടി പുനഃപരിശോധിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): കലാമണ്ഡലത്തിന്റെ വൈസ്ചാൻസലറായി ഗവൺമെന്റ് ആരെയും നിയോഗിച്ചിട്ടില്ല. വൈസ്ചാൻസലറുടെ താൽക്കാലിക ചുമതല നൽകിയിട്ടുള്ള വാസ്തുവിദ്യാ കേന്ദ്രത്തിന്റെ ഡയറക്ടർ ശ്രീ. സുരേഷ് തികച്ചും യോഗ്യതയുള്ള വ്യക്തിയാണ്. കലാമണ്ഡലം മികച്ച യൂണിവേഴ്സിറ്റിയാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രത്യേക പരാമർശം**

**വനിതാ പഞ്ചായത്തംഗത്തെ മർദ്ദിച്ച സംഭവം**

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം നിയോജകമണ്ഡലത്തിലെ വേലൂർ പഞ്ചായത്ത് വനിതാംഗത്തെ മർദ്ദിച്ച സംഭവത്തിനുത്തരവാദികളായവർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇന്നലെ വേലൂർ പഞ്ചായത്തിൽ വനിതാ പഞ്ചായത്തംഗം സ്വപ്ന റഷീദിനെ കയ്യേറ്റം ചെയ്തതിന്റെ പേരിൽ മനോജിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് വൽസല ചന്ദ്രനെ ദേഹോപദ്രവം എൽപ്പിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷണം നടന്നുവരികയാണ്.

**ധനകാര്യം**

**2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച**

(തുടർച്ച)

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കൂടുതൽ മേഖലകളിൽനിന്ന് നികുതി പിരിക്കാനും കെട്ടിടനികുതിയും ഭൂനികുതിയും കാലോചിതമായി പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. കാർഷിക രംഗം അഭിവൃദ്ധിപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിൽ ഏകീകൃത സർവ്വകലാശാല നിയമമുണ്ടാക്കാനും യൂണിവേഴ്സിറ്റി പരീക്ഷകളും അഡ്മിഷനും യഥാസമയം നടത്താനും നടപടി സ്വീകരിക്കണം. മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കണം. നവജാത ശിശുക്കളുടെ പേരിൽ പതിനായിരം രൂപ ഡെപ്പോസിറ്റ് ചെയ്യുന്ന പദ്ധതി പുനഃപരിശോധിക്കണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് വികസനം ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം. പ്രതിപക്ഷം ഈ ബഡ്ജറ്റിനെ പ്രാദേശികവൽക്കരിക്കാനാണ് ശ്രമിക്കുന്നത്. കോട്ടയത്തിനും മലപ്പുറത്തിനും മാത്രമല്ല കണ്ണൂരിനും ഈ ബഡ്ജറ്റിൽ വേണ്ടത്ര പരിഗണന ലഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കുന്ന പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. സർക്കാർ മേഖലയിൽ പുതിയതായി നാല് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 90 ശതമാനം സബ്സിഡി ലഭ്യമാകുന്ന പദ്ധതിയുടെ പ്രയോജനം പ്രവാസികൾക്കുകൂടി ലഭ്യമാക്കാൻ തയ്യാറാകണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ദിശാബോധം നഷ്ടപ്പെട്ടതും വ്യാവസായിക, കാർഷിക, പരമ്പരാഗത മേഖലകളെ പിന്നോട്ട് നയിക്കുന്നതുമായ ഒരു ബഡ്ജറ്റാണിത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ എം.എൽ.എ.മാർക്കും അവരവരുടെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനം നടത്താനുള്ള തുക കഴിഞ്ഞ സർക്കാർ പ്രത്യേകമായി അനുവദിച്ചിരുന്നത് ഈ ബഡ്ജറ്റിൽ ഉപേക്ഷിച്ചിരിക്കുകയാണ്. 10,000 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാക്കിവച്ചിട്ടാണ് എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിഞ്ഞതെന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. പെൻഷൻ ഏകീകരണം നടപ്പാക്കിയതിന്റെ മുഴുവൻ തുകയും ഇടതുമുന്നണി സർക്കാർ കൊടുത്തുതീർത്തിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്കുണ്ടായിരുന്ന കുടിശ്ശികത്തുക മുഴുവൻ എൽ.ഡി.എഫ്. സർക്കാരാണ് കൊടുത്തുതീർത്തത്. പൊതുക്കടം വർദ്ധിച്ചുവെന്ന് പരിതപിക്കുന്നവർ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ വർദ്ധനവ് പരിശോധിക്കണം. സംസ്ഥാന ആഭ്യന്തര വരുമാനം 2006-ൽ ഉണ്ടായിരുന്നതിനേക്കാൾ 100 ശതമാനത്തിലധികം 2011-ൽ വർദ്ധിച്ചിട്ടുണ്ട്. വിലത്തകർച്ചകൊണ്ട് നഷ്ടത്തിലായ തോട്ടങ്ങളിലെ 5 ശതമാനം ഭൂമി കാർഷികവിളകൾക്കോ ഔഷധ സസ്യകൃഷിക്കോ പൂന്തോട്ടത്തിനോ കൊടുക്കാമെന്ന നിർദ്ദേശം പ്രസ്തുത ഭൂമി അന്യാധീനപ്പെടുന്നതിനിടയാക്കും. കശുവണ്ടി തോട്ടങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കുമെന്ന് പറഞ്ഞതിൽ ദുരുദ്ദേശമുണ്ട്. നിക്ഷിപ്ത താൽപ്പര്യക്കാരെയും വൻകിടക്കാരേയും സഹായിക്കുന്ന ബഡ്ജറ്റാണിത്.

മീനച്ചിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്നാറിൽ നിന്നൊഴിപ്പിച്ച ഭൂമിയല്ലാതെ ഒരു സെന്റു സ്ഥലം പോലും പുതിയതായി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. മുൻ ബഡ്ജറ്റിൽ ഇടുക്കി ജില്ലയ്ക്കുവേണ്ടി പ്രഖ്യാപിച്ച പല പദ്ധതികളും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുയിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള നഴ്സിംഗ് കോളേജുകളിലെ കുട്ടികൾക്ക് സ്റ്റൈപ്പന്റ് കൊടുക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. പോലീസ് ഉദ്യോഗസ്ഥരെ കൂട്ടമായി സ്ഥലം മാറ്റിയ നടപടി ശരിയല്ല. ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച മെഡിക്കൽ കോളേജ് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാഫല്യം ഭവന പദ്ധതിയിലൂടെ ഒരു വർഷം പതിനായിരം വീടുകൾ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സാധാരണക്കാർക്കും സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ ലഭിക്കത്തക്ക വണ്ണം രണ്ടു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും പൊതുമേഖലയിൽ മെഡിക്കൽകോളേജ് അനുവദിക്കുന്നതിനും ഈ ബഡ്ജറ്റിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. നാമമാത്ര കർഷകർക്ക് പെൻഷൻ കൊടുക്കുവാനുള്ള തീരുമാനവും കാർഷിക മേഖലയിൽ ആധുനിക സമ്പ്രദായം നടപ്പാക്കുന്നതിനായി കൂത്തുപറമ്പിൽ നാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. പതിനായിരം ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്വയം സംരംഭക വികസന മിഷൻ നാട്ടിലെ ചെറുപ്പ

ക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായകരമാകും. ചെറുകിട വ്യവസായ സംരംഭക ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി ഉറപ്പാക്കാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ക്വാളിറ്റി ടെസ്റ്റ് ലാബ് സ്ഥാപിക്കുന്നതിനും ഉല്പന്നങ്ങൾക്ക് കോമൺ ബ്രാന്റ് നെയിം കൊടുത്ത് വിപണിയിൽ മത്സരിക്കുന്നതിന് പ്രാപ്തമാക്കുന്നതിനും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന തിന് എക്സിബിഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. എമർജിംഗ് കേരള പദ്ധതി, മാലിന്യ മുക്ത കേരളം പദ്ധതി, നീർത്തട ആവാസ പുന:സ്ഥാപന പദ്ധതി, കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം എന്നിവയും സ്വാഗതാർഹമാണ്. റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനാവശ്യമായ തുക ഈ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ വിമാനത്താവളങ്ങളുടെ നവീകരണ ത്തോടൊപ്പം കരിപ്പൂർ വിമാനത്താവളത്തിനുവേണ്ട സ്ഥലമെടുപ്പിനുകൂടി ബഡ്ജറ്റിൽ തുക നീക്കിവയ്ക്കണം. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി, താനൂർ മണ്ഡലത്തിൽ ഫിഷറീസ് ഹാർബർ തുടങ്ങിയ പ്രഖ്യാപനങ്ങൾ എടുത്തുപറയത്തക്കതാണ്. തീരദേശ വികസന അതോറിറ്റി രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞിയും മുഴുവൻ കുട്ടികൾക്കും യൂണിഫോമും ഇൻഷ്വ റൻസ് പരിരക്ഷയും നൽകി പൊതു വിദ്യാഭ്യാസം ആകർഷകമാക്കുന്ന നട പടി ശ്ലാഘനീയമാണ്. ഒരു നേരത്തെ ഭക്ഷണം എല്ലാവർക്കും ഉറപ്പുവരു ത്തുന്ന വിശപ്പ്രഹിത നഗരം പദ്ധതി നടപ്പിൽവരുന്നതോടുകൂടി കേരളം ലോകത്തിനുതന്നെ മാതൃകയാകും. ആഡംബര കാറുകൾ, ആഡംബര വീടുകൾ, പുകയില, പാൻപരാഗ്, വിദേശ മദ്യം എന്നിവയ്ക്ക് സെസ് ഏർപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. കുടുംബാംഗങ്ങൾ തമ്മി

ലുള്ള ഭാഗ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിരിക്കുന്നത് ഉപകാരപ്രദമാണ്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് അനുയോജ്യമാകുംവിധം ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ ഒതു ങ്ങിനിന്നുകൊണ്ട് കേരളത്തെ ഒന്നാം നിരയിലെത്തിക്കുന്നതിനുള്ള പരിശ്രമ മാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിട്ടുള്ളത്.

<u>ശ്രീ. കെ. അജിത്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. അടിസ്ഥാന ജനവിഭാഗങ്ങളോട് നിഷേധാത്മകമായ നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അടിസ്ഥാന ജനവിഭാഗത്തിന്റെ ഉയർച്ചയ്ക്കും സംരക്ഷണത്തിനുംവേണ്ടി ക്ഷേമപരിപാടികൾ നടപ്പിലാക്കുകയുണ്ടായി. എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച കുഴൽമന്ദം, ചേലക്കര, മഞ്ചേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന പുതിയ സ്കൂളുകൾ, പട്ടികജാതി വനിതാ ജീവനക്കാർക്കുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, അയ്യങ്കാളി സൗധം തുടങ്ങിയവ ഈ ബഡ്ജറ്റിൽ ഒഴിവാക്കിയിരിക്കുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനുതകുന്ന പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്. ദളിത് ക്രൈസ്തവരെ അവഗണിച്ചിരിക്കുകയാണ്. അടിസ്ഥാന ജനവിഭാഗങ്ങളോടും പിന്നോക്ക വിഭാഗങ്ങളോടുമുള്ള ഗവൺമെന്റ് നിലപാടിൽ മാറ്റം വരുത്തണം. പോലീസിന്റെ നിഷ്ക്രിയത്വംമൂലം മാധ്യമ പ്രവർത്തകർ ആക്രമിക്കപ്പെടു ന്നത് അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ആർ. സെൽവരാജ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ വികസനനയവും കാഴ്ചപ്പാടും പരിഗണിക്കാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 50 വർഷംകൊണ്ട് ആർജ്ജിക്കാവുന്ന

വികസന നേട്ടങ്ങളാണ് കഴിഞ്ഞ 5 വർഷംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ കൈവരിച്ചത്. ഭക്ഷ്യധാന്യങ്ങളുടെയും അവശ്യസാധനങ്ങളുടെയും വിലവർദ്ധനവ് തടയുന്നതിന് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി. കേരളത്തെ വികസനത്തിന്റെ പാതയിലേക്ക് നയിക്കാനുതകുന്ന ഒരു പദ്ധതിയും പുതുക്കിയ ബഡ്ജറ്റിലില്ല എന്നത് ഖേദകരമാണ്. കോട്ടയം ജില്ലയ്ക്ക് പ്രാമുഖ്യം കൊടുക്കുന്ന ബഡ്ജറ്റാണിത്. തലസ്ഥാന നഗരിയുടെ വികസനത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. നെയ്യാറ്റിൻകര താലൂക്കിനെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. കരമന-കളിയിക്കാവിള ദേശീയപാത 47-ന്റെ വികസനം, റവന്യു ടവർ, ജില്ലാ ആശുപത്രി, ആയുർവ്വേദ ആശുപത്രി, നെയ്യാറിനു കുറുകെയുള്ള പാഞ്ചിക്കാട്ട്കടവ് പാലം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടില്ല. ആറ്റുകാൽ ക്ഷേത്രത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണണം. പ്രകൃതിക്ഷോഭത്തിനിരയായവരെ സംരക്ഷിക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം. റോഡ്, പാലം എന്നിവയുടെ പുനരുദ്ധാരണത്തിനും പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ തുക വകകൊള്ളിക്കണം. കൈത്തറി, കയർ, കശുവണ്ടി, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ സംരക്ഷണം നൽകുന്നതിനും സൗജന്യ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സമസ്ത മേഖലയിലും വികസനത്തിനാവശ്യമായ നടപടികൾ സർക്കാർ

സ്വീകരിച്ചു. അധിക നികുതി ചുമത്താതെ, സാധാരണക്കാരെ ചൂഷണത്തിന് വിധേയമാക്കാതെ ധനാഗമ മാർഗ്ഗം ബഡ്ജറ്റിൽ നിർദ്ദേശിച്ചത് സ്വാഗതാർഹ മാണ്. ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും ലോട്ടറി നറുക്കെടുപ്പ് നടത്തു മെന്നും അതിൽ നാല് നറുക്കെടുപ്പുകൾ ക്യാൻസർ, കിഡ്നി, ഹൃദയ, പാലി യേറ്റീവ് കെയർ രോഗികളുടെ ചികിൽസാ സഹായത്തിന് വേണ്ടിയായിരിക്കു മെന്നുമുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട ലോട്ടറി തൊഴിലാളികളെ സഹായിക്കുന്ന ഒരു ബഡ്ജറ്റാണിത്. ക്ഷേമപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക ഖജനാവിന് ഒരു ഭാരമാകാത്തവിധത്തിൽ ഇച്ഛാശ ക്തിയോടെയും ആസൂത്രണ മികവോടെയുമാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടു ള്ളത്. വിചിത്ര രോഗങ്ങൾക്ക് അടിമപ്പെട്ടവരുടെ ചികിത്സയ്ക്കും വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ബഡ്ജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നാല് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സാധാരണ ജനങ്ങളുടെമേൽ അധികനികുതി ഭാരം അടിച്ചേൽപ്പിക്കാതെ വിദേശ മദ്യത്തിനും ആഡംബര സൗധങ്ങൾക്കും കാറുകൾക്കും നികുതി ഏർപ്പെടു ത്തിയ നടപടി ശ്ലാഘനീയമാണ്. ചെറുകിട-നാമമാത്ര കർഷർക്ക് പെൻഷൻ അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്. " വിദ്യാധനം വായ്പാ പദ്ധതി " ദുർബല വിഭാഗത്തിൽപെടുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായകരമാകുന്നതാണ്. ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ്, കട്ടപ്പനയിൽ റവന്യൂ ടവർ, വോളിബാൾ അക്കാദമി, ചെമ്പൻ കൊലുമ്പൻ സ്മാരകം തുടങ്ങി ഒട്ടേറെ പദ്ധതികൾക്ക്

ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ഇടുക്കിയിലെ ഭൂരഹിത കർഷകർക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനവും വനാതിർത്തി യോട് ചേർന്നുകിടക്കുന്ന കൃഷിഭൂമിയെ വനം പരിസ്ഥിതി നിയമത്തിൽനിന്ന് ഒഴിവാക്കിയ നടപടിയും ശ്രദ്ധേയമാണ്.

ശ്രീ. സി. കൃഷ്ണൻ : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ എൽ.ഡി. എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ഓരോ ബഡ്ജറ്റും സമസ്ത മേഖലകളുടെയും വളർച്ചയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുന്ന തായിരുന്നു. എന്നാൽ കേരളം കൈവരിച്ച പുരോഗതിയേയും നേട്ടങ്ങ ളേയും തകിടം മറിക്കുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ ഉള്ളത്. പൊതുമേഖല കേരള ജനതയുടെ ദൗർബല്യമാണെന്ന ബഡ്ജറ്റ് പ്രസ്താ വന പ്രതിഷേധാർഹമാണ്. പരമ്പരാഗത വ്യവസായമേഖലയെ അവഗണിച്ച ബഡ്ജറ്റാണിത്. പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ 'ഇൻകം സപ്പോർട്ട് സ്കീം' ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരി ക്കണം. കള്ളുവ്യവസായ മേഖലയിൽനിന്നും സഹകരണ മേഖലയെ ഒഴിവാക്കിയ നിലപാടിൽ മാറ്റം വരുത്തണം. പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പുളിങ്ങം റോഡിന്റെ പണി പൂർത്തീകരിക്കാൻ തുക വകയിരുത്ത ണം. മലയോര പഞ്ചായത്തുകളിൽ സബ് ട്രഷറി സ്ഥാപിക്കണം. അംഗനവാടി ജീവനക്കാർക്കും ആശാ വർക്കർമാർക്കും ഉച്ചഭക്ഷണം പാകം ചെയ്യുന്ന തൊഴിലാളികൾക്കും അനുവദിച്ച പദ്ധതികൾ വെട്ടിക്കുറച്ച നടപടി പുന:പരിശോധിക്കണം.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: ബഡ്ജറ്റിനെ പിന്താങ്ങുന്നു. വികസനവും കരുതലും എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം ഉയർത്തിപ്പിടിച്ച ബഡ്ജറ്റാ

ണിത്. റവന്യൂക്കമ്മിയും ധനക്കമ്മിയും കുറച്ച് മൂലധനച്ചെലവ് കൂട്ടി ഉത്തരവാദിത്ത ധനകാര്യമാനേജുമെന്റിലൂടെ കേരളത്തെ മുന്നോട്ട് നയിക്കുന്നതും യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മികച്ച സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമായ ബഡ്ജറ്റാണിത്. ആഴ്ചയിൽ നാല് ലോട്ടറി നറുക്കെടുപ്പിലൂടെ കിട്ടുന്ന വരുമാനം ക്യാൻസർ, കിഡ്നി, ഹൃദയ, പാലിയേറ്റീവ് രോഗികളുടെ ചികിത്സയ്ക്കുവേണ്ടി വിനിയോഗിക്കുമെന്നതും കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ നാല് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിച്ചതും സ്വാഗതാർഹമാണ്. കഴിഞ്ഞ സർക്കാർ മലബാർ മേഖലയെ പാടെ അവഗണിച്ചുകൊണ്ട് സൃഷ്ടിച്ച വികസന അസന്തുലിതാവസ്ഥ ഒരളവുവരെ പരിഹരിക്കാൻ ബഡ്ജറ്റിലൂടെ സാധിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പ്രത്യേക പദ്ധതി പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന് ആവശ്യമായ തുക വകയിരുത്തണം. അവിടെ തൊഴിലധിഷ്ഠിത കോഴ്സുകളോടുകൂടിയ ഒരു കോളേജ് ആരംഭിക്കണം. 2009-10 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ സമർപ്പിക്കാത്ത കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവ സമർപ്പിക്കുന്നതിന് ഒരു അവസരം കൂടി നൽകണം.

ശ്രീ. ചിറ്റയം ഗോപകുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ പാവപ്പെട്ടവരെയും അടിസ്ഥാന ജന വിഭാഗങ്ങളെയും പരിഗണിച്ചിട്ടില്ല. ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി ലഭ്യമാക്കുന്ന പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ഈ ബഡ്ജറ്റിൽ പരമ്പരാഗത മേഖലയേയും കശുവണ്ടി മേഖലയേയും അവഗണിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളി

പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുകയും അതിവർഷാനുകൂല്യ കുടിശ്ശിക കൊടുക്കുന്നതിന് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തുക അനുവദിക്കുകയും വേണം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന അടൂർ -കൈപ്പട്ടൂർ റോഡ് രണ്ടുവരി പാതയായി വികസിപ്പിക്കാനും അടൂർ - ശാസ്താംകോട്ട - ചവറ റോഡ് പുനരുദ്ധരിക്കാനുമുള്ള പാക്കേജുകൾക്ക് തുക നീക്കി വയ്ക്കണം. പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുതകുന്ന പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ തയ്യാറാകണം.

ശ്രീ. മാത്യു റ്റി. തോമസ്: ബഡ്ജറ്റിനെ എതിർക്കുന്നു. ഭരണ പ്രതിപക്ഷാംഗങ്ങൾ ഒരുപോലെ അസംതൃപ്തി പ്രകടിപ്പിച്ച ഒരു ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് മുൻതൂക്കം നൽകുന്നതിൽ ഈ ബഡ്ജറ്റ് പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണ കാലത്ത് രണ്ടുതവണ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. സംസ്ഥാനത്തിന്റെ ചെലവ് ഗണ്യമായി വർദ്ധിച്ചെങ്കിലും വളർച്ചാ നിരക്ക് ഒൻപത് ശതമാനത്തിൽ എത്തിക്കുന്നതിന് സാധിച്ചു. ഒരു ദിവസംപോലും ട്രഷറി പൂട്ടിയിടുന്നതിനോ റിസർവ്വ് ബാങ്കിൽനിന്നും വായ്പയെടുക്കുന്നതിനോ ഉള്ള സാഹചര്യം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടില്ലെന്നുമാത്രമല്ല ഭരണം അവസാനിക്കുമ്പോൾ ട്രഷറി മിച്ചവുമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന നവജാത ശിശുക്കൾക്ക് പതിനായിരം രൂപയുടെ സ്ഥിരനിക്ഷേപം, ആശാ വർക്കർമാരുടെ ഓണറേറിയം, കയർ-കശുവണ്ടി- കൈത്തറി മേഖലയുടെ വികസനം, വീട്ടുജോലിക്കാർക്ക് ക്ഷേമനിധി, റോഡ് വികസനം തുടങ്ങിയ പദ്ധതികളെല്ലാം ഈ ബഡ്ജറ്റിൽനിന്ന് ഒഴിവാക്കുകയാണ് ചെയ്തത്.

എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന റോഡ് വികസന പദ്ധതികൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. റീജിയണൽ ക്യാൻസർ സെന്ററിന് 25 കോടി രൂപയും മലബാർ ക്യാൻസർ സെന്ററിന് 12 കോടി രൂപയും നൽകുമെന്നതും നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് 700 രൂപ ആയി വർദ്ധിപ്പിക്കുമെന്നതും എസ്.സി./എസ്.ടി. പ്രൊമോട്ടർമാർക്ക് നാലായിരം രൂപ നൽകുമെന്നതും സംബന്ധിച്ച് ഈ ബഡ്ജറ്റിൽ യാതൊരു പരാമർശവുമില്ല. വികസന ക്ഷേമ പ്രവർത്തനങ്ങളിൽ കേരളത്തെ പുറകോട്ട് നയിക്കുന്ന നിർദ്ദേശങ്ങളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീ. കെ. അച്ചുതൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് വമ്പിച്ച ഊന്നൽ നൽകിയ ബഡ്ജറ്റാണിത്. ചെറുകിട കർഷകർക്ക് പെൻഷൻ ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ പരിധി രണ്ട് ഹെക്ടറായി ഉയർത്തണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതരിൽ ഏതാനും പേർക്കുമാത്രമാണ് 50,000 രൂപ വീതം നൽകിയത്. മലയാളം സർവ്വകലാശാല ആരംഭിക്കുന്നതോടൊപ്പം ചിറ്റൂരിൽ ആ സർവ്വകലാശാലയുടെ ഒരു എക്സ്റ്റെൻഷൻ സെന്റർ സ്ഥാപിക്കാനാവശ്യമായ നടപടി കൂടി സ്വീകരിക്കണം. ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളുടെ നിലവാരത്തകർച്ച പരിഹരിക്കാനും ചിറ്റൂരിലെ കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ചിറ്റൂരിലെ ഭാഷാന്യൂനപക്ഷ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. എല്ലാ ജില്ലകളിലും കേന്ദ്ര മാനവശേഷി വികസന വകുപ്പിന്റെ സഹായത്തോടെ ഗവേഷണ സൗകര്യമുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ

ആരംഭിക്കണം. രാജീവ് ആരോഗ്യശ്രീ ഇൻഷ്വറൻസ് പദ്ധതി സ്വാഗതാർഹ മാണ്. സർക്കാർ ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്തണം. പുതിയ നാല് മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശത്തെ അഭിനന്ദിക്കുന്നു. പാലക്കാട് ജില്ലയിലും ഒരു മെഡിക്കൽ കോളേജ് തുടങ്ങു ന്നതിനെക്കുറിച്ച് ആലോചിക്കണം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുക ളിലും നീതി സ്റ്റോറുകൾ അനുവദിക്കണം. ഓരോ പ്രദേശത്തും എം.എൽ. എ.മാരുടെ നിർദ്ദേശം കൂടി പരിഗണിച്ച് കേരളത്തിൽ പ്രഖ്യാപിച്ച 325 കോടി രൂപയുടെ റോഡു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. എം.എൽ.എ. ഫണ്ട് രണ്ട് കോടി രൂപയായി ഉയർത്തണം. മാലിന്യ മുക്ത കേരളം പദ്ധതി നടപ്പിലാക്കുകയും കേന്ദ്ര സഹായത്തോടെ ഈ രംഗത്ത് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. കാർഷി കാവശ്യത്തിനുപയോഗിക്കുന്ന ട്രാക്ടറിനും ട്രെയിലറിനും രാസവള ത്തിനുമുള്ള ടാക്സ് ഒഴിവാക്കണം. പട്ടാമ്പി താലൂക്ക് രൂപീകരിക്കണം. പാല ക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിക്കാനാവശ്യമായ തുക വകയിരുത്തണം. പാലക്കാട് ജില്ലയിലെ പട്ടുനൂൽ കൃഷിക്കാർക്ക് സബ് സിഡി നൽകണം. പാലക്കാട് - കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം. ചിറ്റൂരിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വെള്ളം ലഭി ക്കുന്ന തരത്തിൽ മൂലത്തറ ആർ.ബി. കനാലിന്റെ എക്സ്റ്റെൻഷൻ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഡ്ജറ്റിനെ എതിർക്കുന്നു. കാരക്കോണം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രശ്നം റിപ്പോർട്ട് ചെയ്ത ഏഷ്യാനെറ്റ് ലേഖകനും ക്യാമറാമാനും

ഇൻഡ്യാവിഷന്റെ ബ്യൂറോ ചീഫിനും പോലീസിന്റെ മർദ്ദനമേറ്റതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. പ്രാദേശികവും മേഖലാപരവുമായ അസന്തുലിതാവസ്ഥയുണ്ടാക്കുന്നതും ഭരണകക്ഷിക്കാരുടെ പോലും പ്രതിഷേധത്തിന് വിധേയമായതുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. കേരളത്തിലെ പാവപ്പെട്ടവരേയും കൃഷിക്കാരേയും തൊഴിലാളികളേയുമെല്ലാം ഏറെ വിഷമത്തിലേക്ക് തള്ളിവിടുന്ന ഒരു ബഡ്ജറ്റാണിത്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ചുവർഷത്തെ ഭരണംകൊണ്ട് സംസ്ഥാന കടം 92 ശതമാനം വർദ്ധിച്ചുവെങ്കിൽ എൽ.ഡി.എഫ്. ഭരണകാലത്ത് കടത്തിന്റെ വർദ്ധന 70 ശതമാനമായിരുന്നു. വസ്തുതകൾക്കല്ല രാഷ്ട്രീയപരമായ അഭിപ്രായങ്ങൾക്കാണ് ഈ ബഡ്ജറ്റിൽ പ്രാമുഖ്യം കൊടുത്തിരിക്കുന്നത്. കൃഷിക്കാരേയും ഭൂരഹിതരായ പാവപ്പെട്ട കർഷകത്തൊഴിലാളികളേയും ദ്രോഹിക്കുന്നതും തോട്ടം ഉടമകൾക്ക് പരിരക്ഷ നൽകുന്നതുമായ സമീപനമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. കശുമാവുള്ള ഭൂമിയെ കേരള ഭൂ പരിഷ്ക്കരണ നിയമത്തിന്റെ ഉയർന്ന ഭൂ പരിധിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത് പുന:പരിശോധിക്കണം. നവജാത ശിശുക്കൾക്ക് കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പതിനായിരം രൂപയുടെ സ്ഥിരനിക്ഷേപ പദ്ധതി ഈ ബഡ്ജറ്റിൽ ഉപേക്ഷിച്ചിരിക്കുകയാണ്. കുടുംബശ്രീ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തിക്കൊണ്ട് ജനശ്രീയെ പ്രോൽസാഹിപ്പിക്കുന്നതിന് തുക വകയിരുത്തിയിരിക്കുകയാണ്. രാഷ്ട്രീയ പക്ഷപാതപരവും ജനവിരുദ്ധവുമായ ഈ ബഡ്ജറ്റ് തിരുത്തലുകൾക്ക് വിധേയമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പത്രപ്രവർത്തകർക്കു നേരെയുണ്ടായ കയ്യേറ്റം തികച്ചും നിർഭാഗ്യകരമാണ്. ഈ സംഭവം ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പത്രക്കാരെ മർദ്ദിച്ചതിനെതിരെ കേസെടുത്തി ട്ടുണ്ട്. ഇൻഡ്യാവിഷന്റെ ബ്യൂറോ ചീഫിന് പോലീസ് മർദ്ദനമുണ്ടായി എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് അതിൽ പറഞ്ഞിട്ടുള്ള രണ്ട് പോലീസു കാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പത്രപ്രവർത്തകരെ മർദ്ദിച്ചതിന്റെ പേരിൽ രണ്ട് കേസ് എടുത്തിട്ടുണ്ടെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. ഇന്നുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങൾക്കെതിരെ നിയമപരമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റി കൊടുക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ബഡ്ജറ്റിൽ പ്രാദേശിക അസന്തുലിതാവസ്ഥ ഉണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിത മാണ്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള 60 വയസ്സ് കഴിഞ്ഞ കുടുംബ നാഥന് പെൻഷൻ, കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും ഇൻഷ്വറൻസ്, വായ്പകൾക്ക് പലിശയിളവ്, കുട്ടനാട്ടിലെ കർഷകർക്ക് പമ്പിംഗ് സബ്സിഡി തുടങ്ങിയ പ്രഖ്യാപനങ്ങൾ കേരളീയ ജനസമൂഹം നന്ദിയോടെ ഓർക്കും. പ്രമാണ രജിസ്ട്രേഷനിൽ ഏർപ്പെടുത്തിയ ഡ്യൂട്ടിയിളവിനെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളും സ്വാഗതം ചെയ്യും. ബഡ്ജറ്റ് വിഹിതത്തിന്റെ കാര്യത്തിൽ കേരളത്തിലെ 14 ജില്ലകളിൽ ഏതെങ്കിലും ജില്ല യ്ക്ക് കുറവുണ്ടായിട്ടുണ്ടെങ്കിൽ ആ കുറവ് നികത്തും. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ റെയിൽ പദ്ധതി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നീ പദ്ധതികൾക്കായി 15,000 കോടി രൂപയുടെ

മുതൽമുടക്ക് നടത്താൻ തീരുമാനിച്ചിട്ടുള്ളതിനുപുറമെ റിംഗ് റോഡുകൾ, ബൈപ്പാസുകൾ, റോഡുകളുടെ നിലവാരം ഉയർത്തൽ തുടങ്ങിയ പശ്ചാത്തല വികസന പദ്ധതികൾക്കും മുൻഗണന നൽകിയിട്ടുണ്ട്. 'കേരള സംസ്ഥാന സ്വയംസംരംഭക മിഷൻ', 'മൈക്രോ വ്യവസായ വികസന പദ്ധതി' എന്നിവ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ ഉതകുന്നവയാണ്. ക്യാൻസർ, കിഡ്നി, ഹൃദയ രോഗ ബാധിതർക്കായി ഓരോ മാസവും നാല് കോടി രൂപ ലോട്ടറി നറുക്കെടുപ്പിലൂടെ സമാഹരിക്കുമെന്ന പ്രഖ്യാപനവും 20 ലക്ഷം പേർക്ക് ഒരു രൂപയ്ക്ക് അരി നൽകാനുള്ള തീരുമാനവും യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനപിന്തുണ വർദ്ധിപ്പിക്കും. എൽ.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിഞ്ഞ അവസരത്തിൽ 9,350 കോടി രൂപയുടെ ബാധ്യതയാണ് ഈ സർക്കാരിന് ഏറ്റെടുക്കേണ്ടിവന്നിട്ടുള്ളത്. അതിൽ ഉടനടി കൊടുത്തുതീർക്കേണ്ട തുക 2,154 കോടി രൂപയാണ്. നിയമസഭയിൽ ബഡ്ജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ട് ചർച്ച വരുന്നതിന് മുമ്പ് സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രം ഇറക്കുന്നതാണ്. യാതൊരു റിസോഴ്സസ്സും ഇല്ലാതെ ഒരു രൂപയുടെ എ.ആർ.എം. പോലും വയ്ക്കാതെയാണ് 753 കോടി രൂപയുടെ വിവിധ പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്കായി 325 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റിൽ പ്ലാൻ എക്സ്പെൻഡിച്ചർ 8,004 കോടി രൂപയായിരുന്നെങ്കിൽ ഈ ബഡ്ജറ്റിൽ

അത് 3.4 ശതമാനം വർദ്ധിച്ച് 8,277 കോടി രൂപയായും മൂലധനച്ചെലവ് 2,930 കോടി രൂപയിൽ നിന്നും 30.2 ശതമാനം വർദ്ധിച്ച് 3,834 കോടി രൂപയായും ഉയർന്നിട്ടുണ്ട്. തീരദേശ വികസനത്തിനുവേണ്ടി 68 കോടി രൂപ ഈ സർക്കാർ നീക്കിവച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് തുക രണ്ടുലക്ഷം രൂപയിൽ നിന്നും മൂന്നുലക്ഷം രൂപയായി ഉയർത്തുന്നതോടൊപ്പം അവർക്ക് ടോയ്ലെറ്റ് സൗകര്യം ലഭ്യമാക്കുന്ന ഒരു പ്രത്യേക പദ്ധതിക്കായി രണ്ടരക്കോടി രൂപയും നീക്കിവയ്ക്കുന്നുണ്ട്. താനൂർ, പരപ്പനങ്ങാടി, മഞ്ചേശ്വരം ഫിഷിംഗ് ഹാർബറുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതും പുന്നപ്ര ഫിഷിംഗ് ഹാർബറിന്റെ സാധ്യതാപഠനം അനുകൂലമാകുകയാണെങ്കിൽ നടപ്പിലാക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. കയർ–കശുവണ്ടി മേഖലകളിൽ കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച തുകയിൽ മാറ്റം വരുത്തിയിട്ടില്ല. കൈത്തറി മേഖലയ്ക്ക് 65 കോടി രൂപയും മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ രൂപീക രിക്കാൻ അഞ്ച് കോടി രൂപയും വകയിരുത്തുന്നു. കൊല്ലം, ശക്തികുളങ്ങര തീരദേശ റോഡുകളുടെ നിർമ്മാണത്തിനും തുക അനുവദിക്കും. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 1,000 രൂപയും ആശാ വർക്കേഴ്സിന് 500 രൂപയും ഓണറേറിയം വർദ്ധിപ്പിച്ചുനൽകും. ആലപ്പുഴ, കോട്ടയം പ്രസ് ക്ലബ്ബുകളുടെ വികസന പരിപാടിക്ക് അഞ്ച് ലക്ഷം രൂപാ വീതവും ആറ്റുകാൽ ക്ഷേത്ര മേഖലയുടെ വികസനത്തിന് 12 കോടി രൂപയും വകയിരുത്തുന്നു. വനിതാ വികസന കോർപ്പറേഷന് 4.5 കോടി രൂപയും ഷോർട്ട് സ്റ്റേ ഹൗസിന് രണ്ട് കോടി രൂപയും സ്ത്രീ ശാക്തീക രണത്തിന് 2.98 ലക്ഷം രൂപയും കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ

സൈക്കോ അനാലിസിസിന് 3.5 കോടി രൂപയും അനുവദിക്കുന്നു. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റിനുവേണ്ടി 30 കോടി രൂപ അനുവദിക്കുന്നു. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ടൗണുകളുടെ വികസന പരിപാടിക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ സപ്പോർട്ട് നൽകും. കരിപ്പൂരിലെ ഹജ്ജ് ഹൗസിനുവേണ്ടി സ്പെഷ്യൽ ഫണ്ട് അനുവദിക്കും. മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമനിധി തുക ട്രഷറിയിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് അവർക്ക് പലിശരഹിത വായ്പ അനുവദിക്കും. കെ.കരുണാകരന്റെ സമരണയ്ക്ക് സ്പിന്നിംഗ് മില്ലിന് പണം വകയിരുത്തിയതുകൂടാതെ “കെ. കരുണാകരൻ മെമ്മോറിയൽ സ്റ്റേഡിയ”ത്തിനുവേണ്ടി രണ്ടുകോടി രൂപ അധികമായും വകയിരുത്തുന്നു. ജലോൽസവങ്ങൾക്ക് ഒരുകോടി രൂപ കൂടി വകയിരുത്തുന്നു. കോഴിക്കോട് മിഠായിത്തെരുവ് പൈതൃകത്തെരുവാക്കി മാറ്റുന്നതിന് 50 ലക്ഷം രൂപയും ഭാരതപ്പുഴയുടെ തീരത്ത് സഞ്ചാരപാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയും തിരുവല്ല ബൈപ്പാസിന് ഒരു കോടി രൂപയും സഹകരണ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിന് 5 കോടി രൂപയും വകയിരുത്തുന്നു. ശബരിമലയിൽ ഒരു ഹെൽത്ത് പാക്കേജ് നടപ്പാക്കാൻ തുക വകയിരുത്തും. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി വേണ്ടിവരുന്ന മുഴുവൻ ചെലവും സംസ്ഥാന ഗവൺമെന്റ് വഹിക്കും. കായികാദ്ധ്യാപകരുടെ കിറ്റ് അലവൻസ് വർദ്ധിപ്പിക്കും. തിരുവനന്തപുരം വിമാനത്താവളത്തിന്റെ രണ്ടാംഘട്ട വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ അഡീഷണൽ ആതറൈസേഷൻ അനുവദിക്കും. മുസിരിസ് പൈതൃക

പദ്ധതിക്ക് പണം അനുവദിക്കും. നാടാർ, മുസ്ലീം, ആംഗ്ലോ ഇന്ത്യൻ കുട്ടി കൾക്കുള്ള സ്റ്റൈപ്പന്റ് വർദ്ധന സംബന്ധിച്ച് പിന്നീട് പ്രഖ്യാപിക്കും. കോർപ്പറേഷൻ മേയർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്ത്-ബ്ലോക്ക് പ്രസിഡന്റുമാർ, മെമ്പർമാർ ഉൾപ്പെടുന്ന ജനപ്രതിനിധി കൾക്ക് 1,000 രൂപ ഓണറേറിയം നൽകും. പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന് മരാമത്ത് ഹെഡ്ഡിൽ പ്രൊവിഷനില്ലെങ്കിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കും. മയ്യനാട് സി. കേശവൻ സ്മാരകത്തിന് 5 ലക്ഷം രൂപ വകയിരുത്തും. മൊത്തം 99 കോടി 80 ലക്ഷം രൂപയുടെ പുതിയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റ് 2012 മാർച്ച് 31-ന് 450 കോടി 5 ലക്ഷം രൂപയുടെ കമ്മിയോടെ അവസാനിക്കും. ബഡ്ജറ്റിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**പ്രമേയം**

## ചട്ടം 236(2) സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ''2011-2012 സാമ്പത്തിക വർഷത്തേ ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റി കൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.57-ന് പിരിഞ്ഞു.